**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3626** **12-03-2025 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ സർവകലാശാലകളുടെ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ , ശ്രീ. റോജി എം. ജോൺ , ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആരംഭിക്കാനിരിക്കുന്ന സ്വകാര്യ സർവ്വകലാശാലകളിൽ എപ്രകാരമാണ് സർക്കാർ നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് സ്വകാര്യ സർവകലാശാല ആരംഭിക്കാനുള്ള നടപടികൾ ആരംഭിച്ചത്. സാമൂഹ്യ നീതിയും, സർക്കാരിന്റെ നിയന്ത്രണാധികാരവും stakeholders ന്റെ അവകാശങ്ങൾ ഉറപ്പു വരുത്തിയും, ഏറ്റവും മെച്ചപ്പെട്ടതും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം നൽകുന്നതിന് ആവശ്യമായ എല്ലാ സാധ്യതകളും ഉറപ്പു വരുത്തിയുമാണ് സ്വകാര്യ സർവ്വകലാശാലകൾ അനുവദിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമുള്ള അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് സാമൂഹ്യനീതിയില ധിഷ്ഠിതമായ ഗുണമേന്മയുള്ള ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുക എന്നതു കൂടിയാണ് സ്വകാര്യ സർവ്വകലാശാലകൾ അനുവദിക്കുന്നതിലൂടെ ലക്ഷ്യം വെക്കുന്നത്. |
| (ബി) | സ്വകാര്യ സർവ്വകലാശാലകളിലെ ഫീസിന്റെ കാര്യത്തിൽ സർക്കാരിന് നിയന്ത്രണം ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | സാമൂഹ്യനീതി എന്ന ആശയത്തിൽ അധിഷ്ഠിതമായാണ് സംസ്ഥാനത്തെ സ്വകാര്യ സർവകലാശാലാ ബിൽ തയ്യാറാക്കിയിരിക്കുന്നത്. സർക്കാരിന്റെ റെഗുലേറ്ററി ബോഡി സ്വകാര്യ സർവകലാശാലാ ബില്ലിൽ പ്രതിപാദിച്ചിട്ടുണ്ട്. ഓരോ കോഴ്സിലും നാൽപത് ശതമാനം സീറ്റുകൾസംസ്ഥാനത്തെ സ്ഥിരം നിവാസികളായ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്യുന്നതിനും ഇതിൽ സംസ്ഥാനത്ത് നിലവിലുള്ള സംവരണം ബാധകമാക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസിളവ് നൽകുന്നതിനും സ്കോളർഷിപ്പുകൾ |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തുന്നതിനും ബില്ലിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്വകാര്യ സർവ്വകലാശാലകളിൽ ഫീസ് ആനുകൂല്യങ്ങൾ നൽകാൻ ഇടപെടൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | ബി) -ൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ